# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 137 — 14.06. 2013 -ൽ മറുപടിയ്ക്ക്

## കാലപ്പഴക്കമുള്ള കെട്ടിടങ്ങളുടെ സുരക്ഷ

**ചോദ്യം**

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
ശ്രീ. സി. മമ്മൂട്ടി
ശ്രീ. പി. ഉബൈദുള്ള
ശ്രീ. കെ. എം. ഷാജി

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി

(എ) നഗരപ്രദേശങ്ങളിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(എ) നഗരപ്രദേശങ്ങളിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച പരിശോധനയ്ക്ക് നിലവിൽ പ്രത്യേക സംവിധാനങ്ങളില്ല. എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 411, 433 വകുപ്പുകൾ പ്രകാരം നഗരസഭാ പ്രദേശങ്ങളിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നഗരസഭാ സെക്രട്ടറിയ്ക്ക് നടത്താവുന്നതാണ്. മനുഷ്യവാസത്തിനു പറ്റിയതല്ലെന്നു ബോധ്യമായാൽ പ്രസ്തുത വകുപ്പുകൾ അനുസരിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകിയ ശേഷം പൊളിച്ചു മാറ്റാൻ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ടി നിയമം നടപ്പാക്കുന്നതിലേയ്ക്ക് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പല മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഇതിനായി സ്ഥിരസംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പരാതി മൂലമോ അല്ലാതെയോ ശ്രദ്ധയിൽപ്പെടുന്ന സംഗതിയിൽ ടി കെട്ടിടങ്ങൾക്കെതിരെ മേൽ സെക്ഷനുകളിൽ അനുശാസിക്കും വിധമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

| | | | |
|---|---|---|---|
| (ബി) | കാലപ്പഴക്കം ചെന്ന ബഹുനിലമന്ദിരങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ; | (ബി) | കാലപ്പഴക്കം ചെന്ന ബഹുനിലമന്ദിരങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ തൃശ്ശൂർ കോർപ്പറേഷനിൽ വർഷം തോറും പൂരത്തോടനുബന്ധിച്ച് കെട്ടിടങ്ങളുടെ ബലക്ഷയം സംബന്ധിച്ച് പരിശോധന നടത്താറുണ്ട്. ഇത്തരത്തിൽ കാലപ്പഴക്കം ചെന്ന 46 കെട്ടിടങ്ങൾ തൃശ്ശൂർ നഗരത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ സംബന്ധിച്ച് പയ്യന്നൂർ നഗരസഭ കണക്കെടുപ്പ് നടത്തിയതിൽ ഒരു കെട്ടിടം കാലപ്പഴക്കമുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മറ്റ് നഗരസഭകൾ ഒന്നും തന്നെ ഈ തരത്തിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (സി) | ഇവയിൽ ബലക്ഷയമുണ്ടെന്ന് കണ്ടെത്തുന്നവയുടെ കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടിക്രമം വിശദമാക്കുമോ ; | (സി) | കാലപ്പഴക്കമുള്ള കെട്ടിടങ്ങളിൽ അപകടാവസ്ഥയിലാണെന്ന് തൃശ്ശൂർ നഗരസഭയിലും പയ്യന്നൂർ മുനിസിപ്പാലിറ്റിയിലും കണ്ടെത്തിയ കെട്ടിടങ്ങൾക്കെതിരെ 411-ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് പൊളിച്ചുമാറ്റിയിട്ടുണ്ട്. |
| (ഡി) | ബഹുനിലമന്ദിരങ്ങളുടെ അപകടസാധ്യതകൾ ഒഴിവാക്കാൻ കാലാകാലങ്ങളിൽ പരിശോധനയ്ക്കുള്ള സ്ഥിരസംവിധാനം ഏർപ്പെടുത്തുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ